**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2079** **30-09-2025 - ൽ മറുപടിയ്ക്ക്**

**ക്ലാർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് ക്ലാർക്ക് നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ക്ലാർക്ക് ടൈപ്പിസ്റ്റ് /ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും വളരെ പരിമിതമായി മാത്രമേ നിയമനങ്ങൾ നടക്കുന്നുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭൂരിഭാഗം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതിനെത്തുടർന്ന് ഫിസിക്കൽ ഫയലുകൾ ഇല്ലാതായ സാഹചര്യത്തിൽ ടൈപ്പിംഗ് ജോലികൾ ക്ലാർക്ക്/അസിസ്റ്റന്റുമാർ തന്നെ നിറവേറ്റേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇത് ടൈപ്പിസ്റ്റ് തസ്തികകളുടെ ജോലിഭാരത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. എന്നിരുന്നാലും, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തിപഠനവിഭാഗം വിവിധ വകുപ്പുകളിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തിക തുടരേണ്ടതിന്റെ അനിവാര്യത സംബന്ധിച്ച വിശദമായ പ്രവൃത്തി പഠനം നടത്തിവരുന്നുണ്ട്. പ്രസ്തുത പ്രവർത്തിപഠനം പൂർത്തിയാകുന്നത് വരെ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. പ്രവർത്തിപഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ക്ലാർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിന്മേൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശിപാർശാനടപടികൾ പി. എസ്. സി. സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തസ്തിക തുടരേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് വകുപ്പുകളിൽ പ്രവൃത്തി പഠനം നടക്കുന്നതിനാൽ അതു പൂർത്തിയാകുന്നത് വരെ 21-08-2025 -ലെ ഉപ. സി3/59/2024/പി & എ. ആർ. ഡി. നമ്പർ കത്ത് പ്രകാരം പി.എസ്. സി. പുതിയ നോട്ടിഫിക്കേഷൻ വിളിക്കാത്ത സാഹചര്യത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് ഭൂരിഭാഗം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതിനെത്തുടർന്ന് ഫിസിക്കൽ ഫയലുകൾ ഇല്ലാതായ സാഹചര്യത്തിൽ ടൈപ്പിംഗ് ജോലികൾ ക്ലാർക്ക്/അസിസ്റ്റന്റുമാർ തന്നെ നിറവേറ്റേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇത് ടൈപ്പിസ്റ്റ് തസ്തികകളുടെ ജോലിഭാരത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. എന്നിരുന്നാലും, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തിപഠനവിഭാഗം വിവിധ വകുപ്പുകളിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തിക തുടരേണ്ടതിന്റെ അനിവാര്യത സംബന്ധിച്ച വിശദമായ പ്രവൃത്തി പഠനം നടത്തിവരുന്നുണ്ട്. പ്രസ്തുത പ്രവർത്തിപഠനം പൂർത്തിയാകുന്നത് വരെ |

| | | | |
|---|---|---|---|
| | | | വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. പ്രവർത്തിപഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ക്ലാർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിന്മേൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശിപാർശാനടപടികൾ പി. എസ്. സി. സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ